# പതിമൂന്നാംകേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2796 — 21.06.2012 - ൽ മറുപടിക്ക്

## ആയൂരിനും ഏനാത്ത് ജംഗ്ഷനും ഇടയിൽ സുരക്ഷാ ക്രമീകരണങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി പി. അയിഷാ പോറ്റി** | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പുമന്ത്രി)** |
| (എ) എം.സി റോഡിൽ ആയൂരിനും ഏനാത്ത് ജംഗ്ഷനും ഇടയിൽ കഴിഞ്ഞ ആറു മാസക്കാലയളവിനുള്ളിൽ നടപ്പിലാക്കിയ സുരക്ഷാ ക്രമീകരണങ്ങൾ എന്തൊക്കെയാണ്; വെളിപ്പെടുത്തുമോ; | (എ) പൊതുമരാമത്ത് വകുപ്പ് കെ.എസ്.ടി.പി.മുഖേന നടപ്പിലാക്കുന്ന റോഡ് സുരക്ഷാ പദ്ധതിയിൽ പ്പെടുത്തി എം.സി.റോഡിലെ ആയൂരിനും, ഏനാത്ത് ജംഗ്ഷനുമിടയിൽ റോഡ് സുരക്ഷാ പണികൾ നടപ്പിലാക്കി വരുകയാണ്. ഇതിൽ ആവശ്യമായ സ്ഥലത്ത് ഗാർഡ് സ്റ്റോൺ, ക്രാഷ് ബാരിയർ, ഗ്യാനറി സൈനേജ്, ദിശാ ബോർഡുകൾ, റോഡ് മാർക്കിംഗ് എന്നിവയാണ് ചെയ്യുന്നത്.<br>ആഭ്യന്തര വകുപ്പ് എം.സി.റോഡിൽ ആയൂരിനും ഏനാത്ത് ജംഗ്ഷനും ഇടയിൽ ശക്തമായ പോലീസ് പട്രോളിംഗ് നടത്തുകയും ഇന്റർസെപ്റ്റർ ഉപയോഗിച്ച് അമിതവേഗതക്കാരെ കണ്ടെത്തി നടപടി സ്വീകരിക്കുകയും പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ പോലീസുകാരെയും ഹോംഗാർഡുകളെയും നിയമിച്ചും വാഹന |

| | | | |
|---|---|---|---|
| | | | യാത്രക്കാർക്ക് വേണ്ട സുരക്ഷാ നടപടികൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ആയൂരിനും ഏനാത്ത് ജംഗ്ഷനും ഇടയിൽ വാളകം, കുളക്കട എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് രണ്ട് റോഡ് സുരക്ഷാ സമിതികൾ രൂപീകരിച്ച് പൊതുജനങ്ങളുടെ സഹകരണത്തോടെ റോഡപകട ങ്ങളെക്കുറിച്ച് അവബോധം നൽകുകയും അപകടരഹിത മേഖലയാക്കുവാൻ വേണ്ടി പോലീസുമായി ചേർന്ന് പ്രവർത്തിച്ചും വരുന്നു. |
| (ബി) | പ്രസ്തുത ക്രമീകരണങ്ങൾക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; | (ബി) | പൊതുമരാമത്ത് വകുപ്പ് കെ.എസ്.ടി.പി.മുഖേന നടപ്പിലാക്കുന്ന നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായി വരികയാണ്. അതിനുശേഷം മാത്രമേ തുക കണക്കാക്കാൻ കഴിയുകയുള്ളൂ.<br>ആഭ്യന്തര വകുപ്പ് എം.സി. റോഡിലെ സുരക്ഷാ ക്രമീകരണങ്ങൾക്ക് 15,000/- രൂപ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ചെലവഴിച്ചിട്ടുണ്ട്. |
| (സി) | ഈ മേഖലയിൽ പ്രസ്തുത കാലയളവിൽ വാഹന അപകടത്തിൽ എത്ര പേർ മരിച്ചിട്ടുണ്ടെന്നും, എത്ര പേർക്ക് ഗുരുതര പരിക്കുകൾ പറ്റിയെന്നുമുള്ള വിവരം ലഭ്യമാക്കുമോ? | (സി) | സംസ്ഥാന പോലീസ് മേധാവി നൽകിയ റിപ്പോർട്ടുപ്രകാരം ഈ മേഖലയിൽ പ്രസ്തുത കാലയള വിൽ വാഹന അപകടത്തിൽ 23 പേർ മരിക്കുകയും, 60 പേർക്ക് പരിക്കുകൾ പറ്റുകയും ചെയ്തിട്ടുണ്ട്. |

Sd/-

സെക്ഷൻ ഓഫീസർ